"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- കൊച്ചി കോർപ്പറേഷനിലെ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീ.നന്ദകമാർ എം.കെ. (PEN-688882)-ക്കെതിരായ അച്ചടക്ക നടപടി- 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.836/2026/LSGD തീയതി,തിരുവനന്തപുരം, 30-03-2026

---

പരാമർശം:-

1. വിജിലൻസ് (F) വകുപ്പിൽ നിന്നുള്ള 10-12-2024-ലെ വിജി.F2/355/2024-വിജി നം. കുറിപ്പ്
2. വിജിലൻസ് ഡയറക്ടറുടെ 01.08.24-ലെ E10-(SC -46/ 2023/ EKM) 49573/2023/DVACB നം. കത്ത്.
3. ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീ.നന്ദകമാർ എം.കെ-യ്ക്ക് നല്കിയ ഇതേ നമ്പറിലുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീ.നന്ദകമാർ എം.കെ. സമർപ്പിച്ച 12.05.25-ലെ പ്രതിവാദപത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23-01-2026-ലെ LSGD/PD/1510/2025-VIGC4 നം. അഭിപ്രായ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

സർവ്വെ നമ്പർ.619/2-2-ൽ ശ്രീ.ചിദംബരം കെ. എന്നയാൾ നിർമ്മിച്ച കോമേഴ്സ്യൽ കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചപ്പോൾ, ആയതിൽ സ്ഥല പരിശോധന നടത്തിയ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീ.നന്ദകുമാർ.എം.കെ. ടി കെട്ടിടത്തിന് അനുവദിച്ച 379.08 $m^2$ പെർമിറ്റിൽ നിന്നും അനധികൃതമായി 161 സ്ക്വയർ മീറ്റർ കൂടുതലായി ആകെ 540.08 $m^2$ നിർമ്മിച്ചത് റിപ്പോർട്ട് ചെയ്യാതെ ഒക്യുപൻസി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയെന്ന പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ ശ്രീ.നന്ദകുമാർ എം.കെ.-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും)

ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സർക്കാർ കുറ്റപത്രം നല്കി. കുറ്റാരോപിതൻ പരാമർശം 5 പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചു.

മേൽ സാഹചര്യത്തിൽ, വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്കനടപടിയുടെ ഭാഗമായി ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി Pampakkuda Block Panchayath Assistant Executive Engineer Smt. Leena V. (PEN: 690781)-യെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

KCS(CCA) Rules 1960, Manual on Disciplinary Proceedings (MDP) നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ച് ചാർജ്ജ് മെമ്മോയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും, വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനകം അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി ലീന V., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ)
2. ശ്രീ.നന്ദകുമാർ എം.കെ, അസിസ്റ്റന്റ് എഞ്ചിനീയർ (Rtd), കാവുങ്ങൽ പറമ്പിൽ വീട്, കീഴില്ലം.PO, പെരുമ്പാവൂർ

**( 1, 2 തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)**

3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് **(തുടർനടപടിയ്ക്കായി)**
4. അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്,കേരള, തൃശ്ശൂർ)
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 30-03-2026 14:37:18

സെക്ഷൻ ഓഫീസർ